# പുതുമകളോടെ ജിമ്പ് 2.8

ഹരീഷ് എൻ. നമ്പൂതിരി
ന്യൂവെൻമീഡിയ

സൗജന്യമായി ലഭ്യമാവുന്ന ഒരു ഇമേജ് എഡിറ്റിംഗ് സോഫ്റ്റ്‌വെയറിനെക്കുറിച്ച് ഓർക്കുമ്പോൾ തന്നെ ആദ്യം മനസിലേക്കോടിയെത്തുന്ന പേരാണ് ജിമ്പ്. ജനറൽ ഇമേജ് മാനിപുലേഷൻ പ്രോഗ്രാം എന്നതിന്റെ ചുരുക്കെഴുത്തായാണ് ജിമ്പ് (GIMP) ആദ്യം തുടങ്ങിയതെങ്കിൽ പിന്നീടത് GNU ഇമേജ് മാനിപുലേഷൻ പ്രോഗ്രാം എന്നതിന്റെ ചുരുക്കെഴുത്തായി മാറി. ലിനക്സ് അധിഷ്ഠിത കമ്പ്യൂട്ടറുകളിൽ പ്രവർത്തിപ്പിക്കുവാനുള്ള ഉദ്ദേശത്തോടെ നിർമ്മിച്ച ഈ പ്രോഗ്രാമിന്റെ വിൻഡോസ് / മാക് പതിപ്പുകളും ഇന്ന് ലഭ്യമാണ്. ജിമ്പിന്റെ ഏറ്റവും പുതിയ പതിപ്പായ 2.8.0, 2012 മെയ് മാസത്തിൽ പുറത്തിറങ്ങി. നീണ്ട മൂന്ന് വർഷക്കാലത്തെ പുതുക്കലുകൾക്കും പുനർനിർമ്മിതികൾക്കും ശേഷമാണ് 2.8 എത്തിയിരിക്കുന്നത്. ജിമ്പ് 2.8-ന്റെ പുതുമകളേയും സാധ്യതകളേയും പരിചയപ്പെടുത്തുകയാണിവിടെ.

ജിമ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ [URL: http://www.gimp.org/] നിന്നും ജിമ്പിന്റെ ലഭ്യമായ ഏറ്റവും പുതിയ പതിപ്പ് സൗജന്യമായി ഡൗൺലോഡ് ചെയ്യാം.




*ചിത്രം 1: ജിമ്പ് 2.8-ന്റെ യൂസർ ഇന്റർഫേസ്.*

## പുതുക്കിയ യൂസർ ഇന്റർഫേസ്

ജിമ്പ് 2.8-ലെ മുഖ്യ സവിശേഷതകളിൽ പ്രധാനമാണ് പുതുക്കിയ യൂസർ ഇന്റർഫേസ്. Windows മെനുവിൽ ലഭ്യമായ Single Window Mode തിരഞ്ഞെടുക്കുക വഴി ഒരൊറ്റ ജാലകത്തിൽ തുറന്നിരിക്കുന്ന ചിത്രവും ടൂളുകളും ലഭ്യമായ ടാബുകളും എല്ലാം ക്രമീകരിക്കുവാൻ സാധിക്കും. പഴയ രീതിയിൽ പല ജാലകങ്ങളിലായി ഇവയോരോന്നും വേണമെന്നുള്ളവർക്ക് ആ

രീതിയിൽ തന്നെ തുടരുവാനും കഴിയും. ജാലകത്തോട് നിരകളായി ലഭ്യമായ ടാബുകളെ ഉൾചേർക്കുവാൻ കഴിയും എന്നതിനോടൊപ്പം അത്തരത്തിലുള്ള പല നിരകളെ ഒരുമിച്ചു വെയ്ക്കുവാനും സാധിക്കുന്നു. മുൻപ് ഒന്നിലധികം നിരകളെ ഒരുമിച്ച് ചേർത്തുവെയ്ക്കുവാൻ ജിമ്പിൽ സാധിച്ചിരുന്നില്ല. ഉൾചേർക്കുവാൻ സാധിക്കുന്ന ടാബുകളുടെ ഡിസൈനിൽ കൊണ്ടുവന്നിരിക്കുന്ന മാറ്റങ്ങളും ലഭ്യമായ സ്ക്രീൻ സ്പേസിനെ കൂടുതൽ നന്നായി ഉപയോഗിക്കുവാൻ സഹായിക്കുന്നതാണ്. ഒന്നിലധികം ചിത്രങ്ങൾ തുറന്നിട്ടുണ്ടെങ്കിൽ അവ വ്യത്യസ്ത ടാബുകളിലായി തുറക്കുന്ന രീതിയും സൗകര്യപ്രദമാണ്. കാഴ്ചയിലെ പുതുമയിലുപരി കൂടുതൽ നന്നായി ജിമ്പ് ഉപയോഗിച്ച് പ്രവർത്തിക്കുവാൻ സഹായിക്കുന്നു എന്നതാണ് പുതിയ യൂസർ ഇന്റർഫേസിനെ പ്രസക്തമാക്കുന്നത്. ജിമ്പ് 2.8 വിൻഡോസിൽ പ്രവർത്തിപ്പിക്കുമ്പോൾ ലഭിക്കുന്ന യൂസർ ഇന്റർഫേസാണ് ചിത്രം 1-ൽ നൽകിയിരിക്കുന്നത്.

## ലെയർ ഗ്രൂപ്പ്




*ചിത്രം 2: ജിമ്പിലെ ലെയർ ഗ്രൂപ്പിംഗ് സാധ്യത*

ജിമ്പ് ഉപയോക്താക്കളുടെ ഏറെ നാളത്തെ കാത്തിരിപ്പിനൊടുവിലായാണ് ഈ സാധ്യത ജിമ്പിൽ ലഭ്യമാവുന്നത്. അഡോബി ഫോട്ടോഷോപ്പിലും മറ്റും വളരെ മുൻപു തന്നെ ഉൾപ്പെടുത്തിയ ഈയൊരു സാധ്യത ജിമ്പ് 2.8-ൽ സാക്ഷാത്കരിച്ചിരിക്കുന്നു. വിവിധ ലെയറുകളെ ഗ്രൂപ്പ് ചെയ്ത് ലെയർ ടാബിൽ ക്രമീകരിക്കുവാൻ കഴിയുന്നു എന്നതു പോലെ തന്നെ ഒരു ലെയർ ഗ്രൂപ്പിലെ എല്ലാ ലെയറുകളേയും ഒരുമിച്ച് മറ്റൊരു ലെയർ മോഡിലേക്ക് മാറ്റുവാനും ഉപയോക്താവിന് ഇവിടെ അവസരമുണ്ട്. ലെയറുകളുടെ പൂർണമായ പ്രയോജനം ഗ്രാഫിക് എഡിറ്റിംഗ് ജോലികളിൽ കൊണ്ടുവരുവാൻ ലെയർ ഗ്രൂപ്പിംഗ് സഹായിക്കുന്നു. ഒട്ടേറെ ലെയറുകളുപയോഗിക്കേണ്ടി വരുന്ന അവസരങ്ങളിൽ ബന്ധപ്പെട്ടു നിൽക്കുന്ന ലെയറുകളെ ഒരു ഗ്രൂപ്പായി അടുക്കുവാൻ സാധിക്കുക എന്നത് വളരെ ആശ്വാസം നൽകുന്നൊരു കാര്യവുമാണ്.

## ഓൺ ക്യാൻവാസ് ടെക്സ്റ്റ് എഡിറ്റിംഗ്

പ്രത്യേക ജാലകത്തിൽ ടെക്സ്റ്റ് എഡിറ്റ് ചെയ്യുതിനു ശേഷം പിന്നീടത് ക്യാൻവാസിലേക്ക് ചേർക്കുന്ന രീതിയിൽ നിന്നും ഉപയോക്താക്കൾക്ക് വളരെ സൗകര്യപ്രദമായ മറ്റൊരു സാധ്യതയാണ് ഓൺ ക്യാൻവാസ് ടെക്സ്റ്റ് എഡിറ്റിംഗ്. ഇതോടെ ചിത്രത്തിലെക്ക് നേരിട്ടു തന്നെ ടൈപ്പ് ചെയ്യുവാൻ കഴിയുന്നു എന്നു മാത്രമല്ല; ഫോണ്ട്, ടെക്സ്റ്റ് സൈസ്, നിറം തുടങ്ങിയവയെല്ലാം വളരെയെളുപ്പത്തിൽ വ്യത്യാസപ്പെടുത്തുവാനും സാധിക്കുന്നു.




*ചിത്രം 3: ഓൺ ക്യാൻവാസ് ടെക്സ്റ്റ് എഡിറ്റിംഗ്*

## പുതുക്കിയ ബ്രഷുകൾ

ബ്രഷുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന തരത്തിൽ, ബ്രഷിന്റെ വിവിധ സാധ്യതകളെ വിലകൾ വ്യത്യാസപ്പെടുത്തി ആവശ്യമുള്ള തരത്തിൽ സജ്ജീകരിക്കുവാൻ ജിമ്പ് 2.8-ൽ അവസരമുണ്ട്. ഉദാഹരണമായി, ഒരു പ്രത്യേക ആകൃതിയിലുള്ള ബ്രഷിനെ ഇഷ്ടാനുസരണം തിരിച്ച് മറ്റൊരു രീതിയിൽ വരയ്ക്കുവാനായി സജ്ജമാക്കാം. ബ്രഷുകളെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഇമേജ് എഡിറ്റിംഗിൽ ഉപയോഗിക്കുവാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ പ്രയോജനം.

## കേജ് ട്രാൻസ്ഫോം ടൂൾ



*ചിത്രം 4: കേജ് ട്രാൻസ്ഫോം ടൂൾ*

സാധാരണ ട്രാൻസ്ഫോമിൽ നിന്നും വ്യത്യസ്തമായി ഒരു പോളിഗൺ രൂപത്തിൽ സെലക്ഷൻ ഉണ്ടാക്കിയതിനു ശേഷം അതിനനുസൃതമായി ചിത്രത്തിന്റെ ഘടനയിൽ മാറ്റമുണ്ടാക്കുവാൻ കേജ് ട്രാൻസ്ഫോം ടൂൾ ഉപയോഗിച്ച് സാധിക്കുന്നു.

മുകളിൽ വിവരിച്ചവ കൂടാതെ ഉപയോഗത്തിലും സൗകര്യങ്ങളിലും ഒട്ടേറെ പുതുമകൾ ജിമ്പിന്റെ പുതിയ വേർഷനിൽ അടങ്ങിയിട്ടുണ്ട്. വ്യത്യസ്ത ഇമേജ് ഫോർമാറ്റുകളിൽ സേവ് ചെയ്യുവാനായി എക്സ്പോർട്ട് സാധ്യത, ടൂൾ പ്രിസെറ്റുകൾ, മെച്ചപ്പെട്ട സ്റ്റേറ്റസ് ആനിമേഷനുകൾ, സ്മൂത്ത് സ്ട്രോക്ക് സാധ്യത ഇങ്ങിനെ പോവുന്നു ജിമ്പിലെ പുതുമകൾ. ഇതര ഗ്രാഫിക് എഡിറ്റിംഗ് ടൂളുകൾ ഉപയോഗിക്കുന്നവർക്ക് കൂടുതൽ പരിചിതമായ ജാലകഘടനയാണ് ജിമ്പ് 2.8-നുള്ളത് എന്നതു കൂടി കണക്കിലെടുക്കുമ്പോൾ ഈ സോഫ്റ്റ്‌വെയർ കൂടുതൽ പേർ ഉപയോഗിച്ചു തുടങ്ങുവാൻ കാരണമായേക്കാം. അഡോബി ഫോട്ടോഷോപ്പ് പോലെയുള്ള വിദഗ്ദ്ധോപയോഗ ഡിജിറ്റൽ ഇമേജ് എഡിറ്റിംഗ് ആപ്ലിക്കേഷനുകളോട് ഒരു പടി കൂടി അടുക്കുവാൻ ജിമ്പിന് ഈ പതിപ്പിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ പേർ ഈ സോഫ്റ്റ്‌വെയറിൽ താത്പര്യം കാണിക്കുകവഴി കൂടുതൽ വളർച്ച നേടുവാൻ ജിമ്പിന് വരും നാളുകളിൽ കഴിയുമെന്നു തന്നെ കരുതാം.